പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1635 13.07.2011 -ൽ മറുപടിയ്ക്ക്

## മാന്തോപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) കേരളപ്പിറവിയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് വനംവകുപ്പ് പൊതുസ്ഥലങ്ങളിൽ മാവിൻതൈകൾ നട്ട് ഉണ്ടാക്കിയ മാന്തോപ്പുകൾ എവിടെയൊക്കെ നിലനിൽക്കുന്നുണ്ട്; | എ) കേരളപ്പിറവിയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട നാടൻ മാന്തോപ്പ് പദ്ധതിപ്രകാരം മാവിൻ തൈകൾ നട്ട് ഉണ്ടാക്കിയ താഴെപ്പറയുന്ന മാന്തോപ്പുകൾ നിലനിൽക്കുന്നുണ്ട്.<br>തിരുവനന്തപുരം - ആറ്റിങ്ങൽ സർക്കാർ ആശുപത്രി പരിസരത്ത് - 50 എണ്ണം<br>കൊല്ലം - കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിലെ ചക്കുവള്ളിച്ചിറ മൈതാനത്ത് - 50 എണ്ണം<br>പത്തനംതിട്ട - ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ടിൽ - 50 എണ്ണം<br>കോട്ടയം - കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഐ.റ്റി.ഐ കോമ്പൗണ്ടിൽ - 50 എണ്ണം<br>ആലപ്പുഴ - ആലപ്പുഴ ആംഡ് റിസർവ്വ് ക്യാമ്പിൽ - 50 എണ്ണം<br>എറണാകുളം - എറണാകുളം ജില്ലയിൽ നെല്ലാട എന്ന സ്ഥലത്തിനടുത്തുള്ള വിട്ടൂരിൽ - 103 എണ്ണം<br>തൃശൂർ - തൃശൂർ ജില്ലയിൽ തിരുവില്ലാമല പഞ്ചായത്തിലെ മാറാലക്കുന്ന് എന്ന സ്ഥലത്ത് - 50 എണ്ണം<br>പാലക്കാട് - പാലക്കാട് ജില്ലയിൽ കാഞ്ഞിരംപുഴ ഡാം |

| | | |
|---|---|---|
| | | പരിസരത്ത് - 70 എണ്ണം |
| ഇടുക്കി | - | ഇടുക്കി ജില്ലയിൽ തൊടുപുഴ ഹൗസിംഗ് കോളനി കോമ്പൗണ്ടിൽ - 50 എണ്ണം |
| മലപ്പുറം | - | മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ - 50 എണ്ണം വെച്ചുപിടിപ്പിച്ചു. |
| വയനാട് | - | വയനാട് ജില്ലയിൽ ബത്തേരി റെയിഞ്ചിലെ കുപ്പാടിയിൽ - 50 എണ്ണം |
| കണ്ണൂർ | - | കണ്ണൂർ ജില്ലയിൽ തലശ്ശേരി മലബാർ ക്യാൻസർ സെന്റർ ആശുപത്രി പരിസരത്ത് - 50 എണ്ണം |
| കാസർകോഡ് | - | കാസർകോഡ് ജില്ല ജമുനാട് ജമാഅത്ത് സ്കൂളിൽ - 50 എണ്ണം |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി ഇപ്പോഴും നിലവിലുണ്ടോ ; | ബി) | ഇപ്പോൾ നിലവിലില്ല. |
| സി) | വനേതരഭാഗങ്ങളിൽ വൃക്ഷവൽക്കരണം നടത്തുമ്പോൾ ഇത്തരം ഫലവൃക്ഷങ്ങൾ നടുന്നതിന് വനം വകുപ്പ് പ്രാമുഖ്യം നൽകുമോ ? | സി) | വനേതര ഭൂമിയിൽ നട്ടുപിടിപ്പിക്കുന്നതിനായി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുമ്പോൾ വനംവകുപ്പ് ഫലവൃക്ഷതൈകൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ